പലിശ സബ്സിഡി നൽകാൻ നടപടി

104 (4264) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തവർക്കു വേണ്ടിയുള്ള പലിശ സബ്സിഡി നൽകുവാനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നു മുതൽ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) 1. പ്രൊഡക്ഷൻ കോസ്റ്റ് റിലീഫ് ഇനത്തിൽ 2002-03-ൽ അനുവദിച്ച 300 ലക്ഷം രൂപ റിലീസ് ചെയ്തിട്ടുണ്ട്.

2. കാർഷിക കടാശ്വാസത്തിന്റെ ഭാഗമായി അനുവദിച്ച 13.99 കോടി രൂപ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ളത് റിലീസ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

ലോൺ ടേക്കോവർവഴി അനുവദിച്ച വായ്പത്തുകയും യഥാർത്ഥത്തിൽ അടച്ചതുകയും

105 (4265) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ ബാങ്കിൽ യു.ഡി.എഫ്. നേതൃത്വത്തിൽ ഭരണ സമിതി നിലവിൽ വന്നതിനുശേഷം, മറ്റ് ബാങ്കുകളുടേയും ധനകാര്യ സ്ഥാപനങ്ങളുടേയും എത്ര വായ്പകൾ ഏറ്റെടുക്കുവാൻ പുതിയ വായ്പകൾ അനുവദിക്കുകയുണ്ടായി ;

(ബി) മറ്റ് ബാങ്കുകളുടേയും ധനകാര്യ സ്ഥാപനങ്ങളുടേയും വായ്പകൾ ഏറ്റെടുത്തിട്ടുണ്ടെങ്കിൽ അവ ഏതെല്ലാം വ്യക്തികളുടേയും സ്ഥാപനങ്ങളുടേയും പേരിൽ എന്തു തുക വീതമുള്ള വായ്പകളായിരുന്നു എന്ന് വിശദമാക്കാമോ ;

(സി) ലോൺ ടേയ്ക്കോവർ വഴി അനുവദിച്ച വായ്പാതുകയും ബന്ധപ്പെട്ട ബാങ്കുകളിൽ യഥാർത്ഥത്തിൽ അടച്ച തുകയും എത്രവീതം എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 10 വായ്പകൾ

(ബി & സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.

രജിസ്റ്റർ ചെയ്യപ്പെട്ട സഹകരണ പാരലൽ കോളേജുകൾ

106 (4266) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സഹകരണ പാരലൽ കോളേജുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly